പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1997 **26-10-2026-ൽ മറുപടിയ്ക്ക്**

വള്ളിക്കുന്ന് മണ്ഡലത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ സർക്കാർ അലോപ്പതി ആരോഗ്യകേന്ദ്രങ്ങളിൽ കിടത്തിച്ചികിത്സാ സൗകര്യമില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത ആശുപത്രികളിൽ കിടത്തിച്ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പെരുവള്ളൂർ, പള്ളിക്കൽ എന്നീ ബ്ലോക്ക് എഫ്.എച്ച്.സികളിലെ ഭൗതിക സാഹചര്യങ്ങൾ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അനുയോജ്യമല്ല. ഭൗതീക സാഹചര്യം മെച്ചപ്പെടുന്ന മുറയ്ക്ക് കിടത്തി ചികിത്സ ഉൾപ്പടെയുള്ള വിഷയങ്ങൾ പരിശോധിക്കാൻ കഴിയും.

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ രണ്ട് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സ്റ്റാൻഡേർഡൈസേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള കിടത്തിച്ചികിത്സ ലഭ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കോഴിക്കോട് യൂണിവേഴ്സിറ്റി, കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളം എന്നിവിടങ്ങളിലെ ജീവനക്കാർക്കും മണ്ഡലത്തിലെ ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ രണ്ട് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കിടത്തിച്ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ